പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5495** 25/10/2011 ൽ മറുപടിയ്ക്ക്

**സമയബന്ധിതമായി റീസർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിന്**

**'ഒരു പ്രത്യേക പാക്കേജ്'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ നടപടി പൂർത്തിയാക്കുന്നതിനു വേണ്ടുന്നതിലേറെ കാലതാമസം ഉണ്ടാകുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കാലോചിതമായി ആധുനിക സങ്കേതങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടിയ്ക്ക് ആലോചനയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, ജി.പി.എസ്. തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഇപ്പോൾ വകുപ്പിൽ ഉപയോഗിക്കുന്നുണ്ട്. കൂടാതെ WGS 84 ഡാറ്റ ഉപയോഗിച്ച് ഗ്രിഡുകളാക്കി ഭൂപ്രദേശത്തെ തിരിച്ച് റീസർവ്വെ ചെയ്യുന്ന സാങ്കേതികവിദ്യ ഭൂമികേരളത്തിൽ ഉപയോഗിച്ചു വരുന്നു. |
| (സി) നിലവിൽ ഈ ജോലികളുമായി ബന്ധപ്പെട്ടുള്ള സർവ്വീസ് സംഘടനകളുമായി പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ച് ചർച്ചയ്ക്ക് തയ്യാറാകുമോ? | (സി) ചർച്ച ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ